മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 22

# വാർത്താക്കുറിപ്പ്

---

## വെബിനാർ 27 ന്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന പുതിയ വെല്ലുവിളികൾ' എന്ന വിഷയത്തെ അധികരിച്ചുള്ള വെബിനാർ ഏപ്രിൽ 27 ന് രാവിലെ 10.30 ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. യു.ജി.സി. മുൻ സെക്രട്ടറിയും ഹരിയാനയിലെ ഗുരു ജംബാശ്വര്ധ സർവ്വകലാശാല ഉൾപ്പെടെ വിവിധ സർവ്വകലാശാലകളുടെ വൈസ് ചാൻസലറുമായിരുന്ന പ്രൊഫ. ആർ.കെ. ചൗഹാൻ പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തും.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, സ്കൂൾ ഓഫ് ബയോസയൻസസ് ഡയറക്ടർ പ്രൊഫ. ജിഷ എം.എസ്., പ്രൊഫ. ജെ.വി. ആശ തുടങ്ങിയവർ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾ 9497664697, 9447943489 എന്നീ ഫോൺ നമ്പറുകളിലും webinarsbsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ./39/483/2022)

## താത്ക്കാലിക നിയമനം

മഹാത്മാഗാന്ധി സർവ്വകലശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസസ് റിസർച്ചിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഒരു ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് റിസർച്ച് അസോസിയേറ്റിന്റെ ഒരു താത്ക്കാലിക ഒഴിവുണ്ട്. സോഷ്യൽ സയൻസ് വിഷയത്തിൽ കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും നെറ്റ് / എം.ഫിൽ / പി.എച്ച്.ഡി. യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുക. ഉൾനാടൻ മത്സ്യമേഖലയിൽ ഗവേഷണ പിരചയമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. ഇതോടനുബന്ധിച്ചുള്ള റിസർച്ച് അസിസ്റ്റന്റിന്റെ ഒരൊഴിവിലേക്ക് സോഷ്യൽ സയൻസ് വിഷയത്തിൽ 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും നെറ്റ് / എം.ഫിൽ / പി.എച്ച്.ഡി. ' യോഗ്യതയുമുള്ളവർക്ക് അപേക്ഷിക്കാം. ഉൾനാടൻ മത്സ്യമേഖലയിൽ സ്ഥിരതാമസമുള്ളവർക്കും, സാമൂഹിക ശാസ്ത്ര ഗവേഷണങ്ങളിൽ ഫീൽഡ് വർക്ക് പരിചയമുള്ളവർക്കും മുൻഗണനയുണ്ടായിരിക്കും. താത്പര്യമുള്ളവർ ബയോഡാറ്റയും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റും സഹിതമുള്ള അപേക്ഷ ഡോ. എം.വി. ബിജുലാൽ, അസിസ്റ്റൻ്റ് പ്രൊഫസർ, സ്കൂൾ ഓഫ് ഇൻ്റർനാഷണൽ റിലേഷൻസ് ആൻ്റ് പൊളിറ്റിക്സ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686 560 എന്ന വിലാസത്തിൽ ഏപ്രിൽ 29നകം ലഭിക്കത്തക്കവിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിലും 9400233357 എന്ന ഫോൺ നമ്പറിലും bijulaal@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

## വൈവാ വോസി

എം.എ. സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ - 2018 അഡ്മിഷൻ - റെഗുലർ) സ്പെഷ്യൽ സപ്ലിമെന്ററി വൈവാ വോസി പരീക്ഷകൾ ഏപ്രിൽ 29 ന് നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/485/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ